# Malayala Manorma

## 18 June 2018

## Thiruvananthapuram: Landslide, victims, death, Damages

# ഉരുൾപൊട്ടൽ: രക്ഷാപ്രവർത്തനത്തിൽ അലംഭാവമുണ്ടായെന്നു പ്രതിപക്ഷം

**മാതൃകാപ്രവർത്തനമാണു നടത്തിയതെന്നു മുഖ്യമന്ത്രി; റവന്യു മന്ത്രി വൻ പരാജയമെന്നു ചെന്നിത്തല**

### ജലസംഭരണിയെക്കുറിച്ച് അന്വേഷണം: മുഖ്യമന്ത്രി

കട്ടിപ്പാറ ഇരിഞ്ചോല മലയിലെ ഉരുൾപൊട്ടലിനു മലയ്ക്കു മുകളിലെ ജലസംഭരണി കാരണമായെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിക്കാൻ വിദഗ്ധരടങ്ങിയ സമിതിയെ നിയോഗിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ആക്ഷേപം ഗൗരവമുള്ളതാണെന്നു മന്ത്രി ടി.പി.രാമകൃഷ്ണനും പറഞ്ഞു.

സ്ഥലം സന്ദർശിച്ച താൻ ഈ ജലസംഭരണിയെക്കുറിച്ച് അറിഞ്ഞ് അമ്പരന്നു പോയെന്നു ചെന്നിത്തല ചൂണ്ടിക്കാട്ടിയതിനോടു പ്രതികരിക്കുകയായിരുന്നു ഇരുവരും. മലയ്ക്കു മുകളിൽ നാലായിരം ലക്ഷം ലീറ്റർ ജലം സംഭരിക്കാവുന്ന തടയണ എങ്ങനെയാണു സ്ഥാപിതമായത്? ആരാണ് അനുമതി കൊടുത്തത്? ഇതു തകർന്നു വീണതാണ് അപകടത്തിന്റെ ആഘാതം കൂട്ടിയത്. മനുഷ്യൻ സൃഷ്ടിച്ച ദുരന്തമാണിത്- ചെന്നിത്തല പറഞ്ഞു.

**മനോരമ ലേഖകൻ**

തിരുവനന്തപുരം● ഉരുൾപൊട്ടലിൽ 14 പേരടക്കം മരിച്ച കാലവർഷക്കെടുതിക്കു മുൻകരുതലെടുക്കുന്നതിലും രക്ഷാപ്രവർത്തനത്തിലും സർക്കാർ അലംഭാവം കാണിച്ചെന്നാരോപിച്ചു പ്രതിപക്ഷം നിയമസഭയിൽ നിന്നിറങ്ങിപ്പോയി. കേരളമാകെ അഭിനന്ദിക്കുന്ന തരത്തിലുള്ള രക്ഷാപ്രവർത്തനത്തിനാണു മന്ത്രിമാർ മേൽനോട്ടം വഹിച്ചതെന്ന മുഖ്യമന്ത്രിയുടെ മറുപടി പ്രതിപക്ഷത്തെ തൃപ്തരാക്കിയില്ല. റവന്യു മന്ത്രി ഇ.ചന്ദ്രശേഖരൻ വൻ പരാജയമാണെന്നു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

താമരശ്ശേരിക്കു സമീപം കട്ടിപ്പാറ ഇരിഞ്ചോലമലയിലെ ഉരുൾപൊട്ടലടക്കമുള്ള സംഭവങ്ങൾ സഭ നിർത്തിവച്ചു ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടു പ്രതിപക്ഷത്തെ പാറയ്ക്കൽ അബ്ദുല്ലയാണ് അടിയന്തരപ്രമേയ നോട്ടിസ് നൽകിയത്. സി.കെ.ശശീ

കാണാതായി. 115 ക്യാംപുകൾ ആരംഭിച്ചു. 5520 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. 235 വീടുകൾ പൂർണമായും 5027 എണ്ണം ഭാഗികമായും തകർന്നു. ഇതിലും വിളനാശത്തിലുമെല്ലാമായി 79 കോടിയുടെ നഷ്ടം ആകെയുണ്ടായി. കലക്ടർമാരടക്കമുള്ളവരുമായി നിരന്തരം ബന്ധപ്പെട്ടു നടപടികളെടുക്കുന്നുണ്ടെന്നു മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. നഷ്ടപരിഹാരം ഉടൻ വിതരണം ചെയ്യും.

ദുരന്തനിവാരണ കേന്ദ്രം ഗുരുതര വീഴ്ചയാണു വരുത്തുന്നതെന്നു രമേശ് ചെന്നിത്തല പറഞ്ഞു. രക്ഷാപ്രവർത്തനം വൈകി. ഹെലികോപ്ടറിന്റെ സേവനം തേടാമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. നേതാക്കളായ എം.കെ.മുനീർ, കെ.എം.മാണി, അനൂപ് ജേക്കബ് എന്നിവരും ഇറങ്ങിപ്പോക്കിൽ പങ്കുചേർന്നു.

**ശശീന്ദ്രന് എന്തറിയാമെന്ന് രമേശ്; സഭയിൽ**

## ഉരുൾപൊട്ടൽ: അവസാന മൃതദേഹവും കിട്ടി

**മനോരമ ലേഖകൻ**

താമരശ്ശേരി● കട്ടിപ്പാറ കരിഞ്ചോലമലയിലെ ഉരുൾപൊട്ടലിൽ കാണാതായവരിൽ അവസാനത്തെയാളുടെ മൃതദേഹവും ലഭിച്ചു. ഇതോടെ ആറുകുട്ടികളടക്കം ആകെ മരണസംഖ്യ 14 ആയി. കരിഞ്ചോല ഉമ്മിണി അബ്ദുറഹിമാന്റെ ഭാര്യ നഫീസയുടെ (55) മൃതദേഹമാണ് തിരച്ചിലിന്റെ അഞ്ചാംദിവസമായ ഇന്നലെ വൈകിട്ട് നാലരയോടെ കണ്ടെത്തിയത്.



നഫീസ

അബ്ദുറഹിമാൻ, മകൻ ജാഫർ, ജാഫറിന്റെ മകൻ മുഹമ്മദ് ജാസിം എന്നിവരും ദുരന്തത്തിൽ മരിച്ചിരുന്നു. ഇവരുടെ വീടിരുന്ന സ്ഥലത്തുണ്ടായിരുന്ന കൂറ്റൻപാറ പൊട്ടിച്ചപ്പോഴാണ് നഫീസയുടെ മൃതദേഹം കണ്ടെത്തിയത്. തുടർന്ന് ശരീരം വെളിയിലേക്കെടുക്കുന്നതിനായി രണ്ടുമണിക്കൂറോളം നീണ്ട പരിശ്രമം വേണ്ടിവന്നു.

കാരാട്ട് റസാഖ് എംഎൽഎയുടെ നേതൃത്വത്തിൽ തദ്ദേശവാസികളുടെയും രക്ഷാപ്രവർത്തകരുടെയും യോഗം ചേർന്ന് മൃതദേഹം കണ്ടെത്താൻ സാധ്യതയുള്ള സ്ഥലങ്ങൾ നിശ്ചയിച്ചാണ് ഇന്നലെ രാവിലെ തിരച്ചിൽ തുടങ്ങിയത്. ആറ് മണ്ണുമാന്തി യന്ത്രങ്ങളും പൊലീസ്, അഗ്നിര

വും ലഭിച്ചതോടെ തിരച്ചിൽ അവസാനിപ്പിച്ചെന്ന് ദുരന്തനിവാരണ ഡപ്യൂട്ടി കലക്ടർ പി.പി.കൃഷ്ണൻകുട്ടി അറിയിച്ചു.

ഉരുൾപൊട്ടലിൽ തകർന്നുപോയ വെട്ടിയൊഴിഞ്ഞതോട്ടം - കരിഞ്ചോല റോഡിലെ വലിയ കല്ലും മൺകൂനകളുമെല്ലാം നീക്കം ചെയ്ത് കാൽനടയെങ്കിലും സാധ്യമാക്കാനുള്ള പ്രവൃത്തി ഇന്നു തുടങ്ങും.

### കാലവർഷക്കെടുതി: നാലു ലക്ഷം വീതം നഷ്ടപരിഹാരം

തിരുവനന്തപുരം● സംസ്ഥാനത്ത് ഉരുൾപൊട്ടൽ ഉൾപ്പെടെ കാലവർഷക്കെടുതിയിൽ മരിച്ചവരുടെ ആശ്രിതർക്കു നാലു ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകാൻ പ്രത്യേക മന്ത്രിസഭാ യോഗം തീരുമാനിച്ചു. വീട് നഷ്ടപ്പെട്ടവർക്കും നാലു ലക്ഷം രൂപ നൽകും. വെള്ളപാച്ചിലിൽ ഭൂമി നഷ്ടമായവർക്കും പരമാവധി ആറു ലക്ഷം രൂപ വരെ ലഭിക്കും.

വിള ഇൻഷുറൻസ് ഇല്ലാത്തവർക്കു കൃഷിനാശം സംഭവിച്ചിട്ടുണ്ടെങ്കിൽ ഇത്തവണ കൂടി നഷ്ടപരിഹാരം നൽകും. ഓരോ വിളയ്ക്കും നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം അനുസരിച്ചാകും നഷ്ടപരിഹാരം. ഇനി മുതൽ കൃഷി



ഉരുൾപൊട്ടലുണ്ടായ കോഴിക്കോട് കട്ടിപ്പാറയിൽ സർവകക്ഷി അവലോകന യോഗത്തിനിടെ കാരാട്ട് റസാഖ് എംഎൽഎക്കു(ഇടത്ത്) നേരെ നടന്ന കയ്യേറ്റ ശ്രമം. ചിത്രം:മനോരമ

## എംഎൽഎക്കു നേരെ കയ്യേറ്റ ശ്രമം

താമരശ്ശേരി ● കരിഞ്ചോല ദുരന്തവുമായി ബന്ധപ്പെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ അവലോകനത്തിനായി ഇന്നലെ കട്ടിപ്പാറയിൽ നടന്ന സർവകക്ഷിയോഗത്തിൽ കാരാട്ട് റസാഖ് എംഎൽഎക്കു നേരെ കയ്യേറ്റ ശ്രമം. സന്നദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ചിലരെ യോഗത്തിൽ

എൽഎ വേദിയിൽനിന്നു പുറത്തേക്കിറങ്ങിയതോടെയാണ് ബഹളത്തിനിടയിൽ കയ്യേറ്റശ്രമം നടന്നത്. ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട എംഎൽഎയെ താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ഉടൻ കരിഞ്ചോലയിലേക്കു മടങ്ങി. പൊലീസ് അകമ്പടിയോടെ എംഎൽഎ